BUSINESS MAGAZINE



ടിനി ഫിലിപ്പ്

*The Contrarian Consultant*

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# ഇന്ത്യയുടെ ജിഡിപി വളർച്ച മിഥ്യയോ യാഥാർത്ഥ്യമോ?

**പ്രതീക്ഷയുടെ അടിസ്ഥാനത്തിലല്ലാതെ യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ പോസിറ്റീവായി ചിന്തിക്കണം**

ഇന്ത്യയെ കുറിച്ച് ഇന്റർനാഷണൽ മോണിറ്ററി ഫണ്ടിൽ (IMF) നിന്നുള്ള രണ്ട് സമീപകാല വാർത്തകൾ കാരണം ഞാൻ ആഗോള പ്രവചനം സംബന്ധിച്ച ലേഖന പരമ്പരയിൽ നിന്ന് ഒരു ഇടവേളയെടുത്തു.

ഒന്ന്: ഇന്ത്യയ്ക്ക് ഐഎംഎഫ് വീണ്ടും ശക്തമായ സാമ്പത്തിക വളർച്ച നിരക്ക് പ്രവചിച്ചു എന്നതാണ്. രാജ്യം ലോകത്തിലെ അതിവേഗം വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥകളിലൊന്നായി തുടരുമെന്ന് ഇത് സൂചിപ്പിക്കുന്നു. ഈ പ്രവചനങ്ങൾ, ഇന്ത്യ ശക്തമായ വളർച്ചയുടെ പാതയിലാണെന്നുള്ള തെളിവായി സർക്കാർ ഉദ്യോഗസ്ഥരും ടിവി പാനലിസ്റ്റുകളും വിപണി നിരീക്ഷകരുമെല്ലാം ഉയർത്തിക്കാട്ടി.

രണ്ടാമത്തെ വാർത്ത: ഐഎംഎഫ് തന്നെ അടുത്തിടെ ഇന്ത്യയുടെ പ്രധാന സാമ്പത്തിക സൂചകങ്ങളിലെ ഡാറ്റകളുടെ ഗുണനിലവാരം വിലയിരുത്തി എന്നതാണ്. ഈ വിലയിരുത്തൽ ഫലം ഓരോ നയരൂപകർത്താക്കളെയും നിക്ഷേപകരെയും സംരംഭകരെയും ആശങ്കപ്പെടുത്തുന്നതാണ്.

ജിഡിപി വളർച്ച കണക്കാക്കാൻ ഉപയോഗിക്കുന്ന പ്രധാന ഡാറ്റയായ നാഷണൽ അക്കൗണ്ട്സ് സ്റ്റാറ്റിസ്റ്റിക്സിന് ഐഎംഎഫ് ഇന്ത്യയ്ക്ക് നൽകിയത് സി ഗ്രേഡാണ്.

ഒരു സി ഗ്രേഡ് എന്നാൽ;

'നിരീക്ഷണത്തെ ഒരു പരിധിവരെ തടസപ്പെടുത്തുന്ന ചില പോരായ്മകളുണ്ട്'

ഈ റേറ്റിംഗിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് നോക്കാം.

- കാലഹരണപ്പെട്ട അടിസ്ഥാന വർഷം (2011-12).
- അനൗപചാരിക മേഖലയുടെ പ്രവർത്തനങ്ങൾ വളരെ കുറച്ച് മാത്രമെ കാണാനുള്ളൂ.
- കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള ഏകീകൃത ഡാറ്റയുടെ അഭാവം.
- പ്രാദേശിക തലത്തിലുള്ള അളവുകളെ ആശ്രയിക്കുന്നതിന് പകരം പ്രോക്സികളെ ആശ്രയിക്കുന്നു.

വ്യക്തമായി പറയുകയാണെങ്കിൽ, പണപ്പെരുപ്പ റിപ്പോർട്ടിംഗ്, സാമ്പത്തിക ഡാറ്റ, ബാഹ്യ മേഖലകളിലെ സ്ഥിതിവിവര കണക്ക് തുടങ്ങിയ മേഖലകളിൽ ഐഎംഎഫ് ഇന്ത്യയ്ക്ക് മികച്ച ഗ്രേഡുകൾ (കൂടുതലും ബി) നൽകിയിട്ടുണ്ട്.




എന്നാൽ ഏറ്റവും കൂടുതൽ എടുത്തുകാട്ടുന്ന സംഖ്യയായ ജിഡിപിക്ക് ഏറ്റവും ദുർബലമായ റേറ്റിംഗുകളിലൊന്നാണ് ലഭിച്ചത്.

കണക്കുകൾ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയുടെ യഥാർത്ഥ ഘടനയെ പ്രതിഫലിപ്പിക്കുന്നില്ലെന്നതാണ് കാരണം. പ്രത്യേകിച്ച് അനൗപചാരിക, അസംഘടിത മേഖലയിൽ നിന്നുള്ള കണക്കുകൾ.

ഐഎംഎഫ് അതിന്റെ സംഖ്യകൾ എവിടെ നിന്ന് എടുക്കുന്നു എന്നും ഇന്ത്യയുടെ ജിഡിപി എങ്ങനെ കണക്കാക്കുന്നു എന്നും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ അതിന്റെ പോരായ്മകൾ വെളിപ്പെടാൻ തുടങ്ങും.

മുൻ ലേഖനങ്ങളിൽ ഇന്ത്യയുടെ ജിഡിപി കണക്കാക്കുന്ന പ്രക്രിയയിലെ അടിസ്ഥാനപരമായ പിഴവ് ഞാൻ എടുത്തുകാട്ടിയിരുന്നു. ഡാറ്റകൾക്കായി സംഘടിത മേഖലയെ അമിതമായി ആശ്രയിക്കുകയും സമ്പദ്‌വ്യവസ്ഥയുടെ വലിയൊരു ഭാഗവും കൈകാര്യം ചെയ്യുന്ന അസംഘടിത മേഖലയുടെ അപ്പപ്പോഴുള്ള കണക്കെടുപ്പ് ഇല്ലാതിരിക്കുകയും ചെയ്യുന്നു എന്നതാണത്.

നിർഭാഗ്യവശാൽ ഏറ്റവും പുതിയ ഐഎംഎഫ് പ്രവചനങ്ങൾ ഇതേ രീതിയാണ് തുടരുന്നതും. അസംഘടിത മേഖലയെ ഇരുട്ടിൽ നിർത്തിക്കൊണ്ട് സംഘടിത മേഖലയിൽ നിന്നുള്ള ഡാറ്റയെ ആശ്രയിക്കുന്നു.

## അസംഘടിത മേഖലയുടെ തകർച്ച

ഐഎംഎഫിന്റെ ശുഭാപ്തി വിശ്വാസത്തിന്റെ ഒരു പ്രധാന കാരണം ഇന്ത്യയുടെ ഉപഭോഗ വളർച്ച വ്യാപകവും അത് ജിഡിപിയെ മുകളിലേക്ക് തള്ളിവിടുകയും ചെയ്യുന്നു എന്ന വിശ്വാസമാണ്.

എന്നാൽ ഈ അനുമാനം സംഘടിത മേഖലയുടെ സൂചകങ്ങളെയാണ് കൂടുതലായും ആശ്രയിക്കുന്നത്. ഉദാഹരണത്തിന്:

- ജിഎസ്ടി വരുമാനം.
- യുപിഐ ഇടപാടുകളുടെ അളവ്.
- കോർപ്പറേറ്റ് വിൽപ്പന.
- ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചുള്ള ചെലവഴിക്കൽ.
- നഗരങ്ങളിലെ തൊഴിൽ വിപണി സർവേകൾ.

ഇവ സംഘടിത ഔപചാരിക സമ്പദ്‌വ്യവസ്ഥയെ മാത്രമെ പ്രതിഫലിപ്പിക്കുന്നുള്ളൂ. ഇത് ജിഡിപിയുടെ പകുതിയിലധികം മാത്രമാണ്. അതേസമയം ഭൂരിപക്ഷം തൊഴിലാളികൾക്കും ഇപ്പോഴും ജോലി നൽകുന്ന അസംഘടിത മേഖല തുടർന്നും അഭിമുഖീകരിക്കുന്നത്;

- അസംസ്കൃത വസ്തുക്കളുടെ ഉയർന്ന വില.
- കർശനമായ നിയമപാലന മാനദണ്ഡങ്ങൾ.
- കുറഞ്ഞ പ്രവർത്തന മൂലധനം.
- വൻകിട സ്ഥാപനങ്ങൾക്കെതിരെയുള്ള കുറഞ്ഞ മത്സരക്ഷമത.
- തൊഴിലവസരം സൃഷ്ടിക്കുന്നത് കുറയുന്നു.

എന്നിരുന്നാലും അസംഘടിത മേഖല മുഴുവനും ഔപചാരികതയുടെ അതേ വേഗതയിൽ വളരുന്നതായിട്ടാണ് കണക്കാക്കപ്പെടുന്നത്. അസംഘടിത മേഖല വളരുന്നില്ല, തളരുകയാണ് എന്നത് നയ സ്വാധീനം ചെലുത്തുന്നവർക്ക് മനസിലാകാതെ പോകുന്ന പ്രധാന കാര്യമാണ്.

ഈ ഒരൊറ്റ യാഥാർത്ഥ്യം എല്ലാ വർഷവും ഇത്രയും ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്ന ആകർഷകമായ വളർച്ച സംഖ്യകളെ അട്ടിമറിക്കുന്നു. ഈ പ്രവണതയ്ക്ക് ഒന്നിലധികം സ്വതന്ത്ര സൂചകങ്ങൾ ബലം നൽകുന്നു:

- ഗ്രാമീണ വേതനം കൂടുന്നില്ല.
- എസ്എംഇ വായ്പ സമ്മർദ്ദം ഉയർന്ന നിലയിൽ തുടരുന്നു.
- ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആവശ്യം ചരിത്രപരമായ ഉയർന്ന തലത്തിൽ തുടരുന്നു.
- ഗ്രാമീണ എഫ്എംസിജി വളർച്ച ദുർബലമാണ്.
- തൊഴിൽ നേട്ടങ്ങൾ കുറഞ്ഞ വേതനമുള്ള ഗിഗ് റോളുകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

അസംഘടിത മേഖല ചലനമറ്റു പോകുകയോ, ചുരുങ്ങുകയോ ചെയ്യുകയാണെങ്കിൽ ഇന്ത്യയുടെ യഥാർത്ഥ ജിഡിപി വളർച്ച ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നതിനേക്കാൾ വളരെ കുറവാണ്.

### ജിഡിപി എങ്ങനെ അമിതമായി കണക്കാക്കുന്നു

പ്രശ്നത്തിന്റെ കാതൽ അതിന്റെ രീതി ശാസ്ത്രമാണ്. അസംഘടിത മേഖലയെ അഞ്ച് വർഷത്തിൽ ഒരിക്കൽ മാത്രമെ കൃത്യമായി അളക്കുന്നുള്ളൂ. ബാക്കിയുള്ള വർഷങ്ങളിൽ അനൗപചാരിക മേഖല ഔപചാരിക മേഖലയുടെ അതേ നിരക്കിൽ വളരുന്നുവെന്ന് സർക്കാർ അനുമാനിക്കുന്നു.

2016ന് മുമ്പ് തന്നെ ഇത് ചോദ്യം ചെയ്യപ്പെടേണ്ടതായിരുന്നു. എന്നാൽ അതിന് ശേഷം നോട്ട് നിരോധനം, ജിഎസ്ടി നടപ്പാക്കൽ, കോവിഡ് ലോക്ക്ഡൗൺ, വേഗത്തിലുള്ള ഔപചാരികവൽക്കരണം, ഡിജിറ്റൽ കംപ്ലയൻസ് സമ്മർദ്ദം തുടങ്ങിയവ കാരണം രണ്ട് മേഖലകളും പൂർണമായും വ്യതിചലിച്ചിരിക്കുന്നു.

അതുകൊണ്ട്, എല്ലാ വർഷവും ഇന്ത്യ ഉയർന്ന ജിഡിപി വളർച്ച റിപ്പോർട്ട് ചെയ്യുമ്പോൾ നമ്മൾ ഓർക്കണം, ഉയർന്ന ഔപചാരിക മേഖല വളർച്ച + നിശബ്ദമായ അനൗപചാരിക മേഖല തകർച്ച = പെരുപ്പിച്ച പ്രധാന ജിഡിപി.

## സംരംഭകർ എന്തുകൊണ്ട് ശ്രദ്ധിക്കണം

**ബി**സിനസ് ഉടമകളും നിക്ഷേപകരും എസ്എംഇകളും ഈ പൊരുത്തക്കേടിന്റെ പ്രത്യാഘാതങ്ങൾ നേരിടുന്നു.

1. നിങ്ങളുടെ യഥാർത്ഥ വിപണി വലുപ്പം സർക്കാർ കണക്കുകളേക്കാൾ ചെറുതായിരിക്കാം.

2. രാജ്യത്തെ 2/3/4 നിരയിലുള്ള പട്ടണങ്ങളിലെ ഡിമാൻഡ് പ്രധാന ഡാറ്റ സൂചിപ്പിക്കുന്നതിനേക്കാൾ വളരെ ദുർബലമായിരിക്കാം.

3. ഔദ്യോഗിക ജിഡിപി വളർച്ചയെ അടിസ്ഥാനമാക്കിയുള്ള വിൽപ്പന പ്രവചനങ്ങൾ അമിതമായി കണക്കാക്കിയേക്കാം.

4. നിയമന, വിപുലീകരണ തീരുമാനങ്ങൾ ഔദ്യോഗിക ശുഭാപ്തി വിശ്വാസത്തെ ആശ്രയിക്കാതെ യഥാർത്ഥ വിപണി അനുഭവം അടിസ്ഥാനമാക്കി എടുക്കണം.

നിലവിലെ ബിസിനസ് ഏഴ് ശതമാനം വളർച്ചയെന്ന വാദവുമായി പൊരുത്തപ്പെടുന്നില്ലെന്ന് പല സംരംഭകരും എന്നോട് അഭിപ്രായപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത വളർച്ചയും അനുഭവിക്കുന്ന വളർച്ചയും തമ്മിലുള്ള വിടവ് ഇന്ത്യയുടെ ജിഡിപി എങ്ങനെ കണക്കാക്കുന്നു എന്നതിന്റെ നേരിട്ടുള്ള ഫലമാണ്.

ഐഎംഎഫിന്റെ സി ഗ്രേഡ് ഇതിനെ പരോക്ഷമായി അംഗീകരിക്കുന്നു.

കൃത്യമായ ഡാറ്റയ്ക്ക് മാത്രമെ പോസിറ്റീവ് കാഴ്ചപ്പാട് നൽകാൻ കഴിയുകയുള്ളൂ.

ഔപചാരിക മേഖല വികസിച്ചു വരികയാണെന്ന കാര്യത്തിൽ സംശയമില്ല; പ്രത്യേകിച്ചും വൻകിട കമ്പനികൾ. ഡിജിറ്റൽ പേയ്മെന്റ്സ്, കോർപ്പറേറ്റ് ലാഭം, നികുതി കളക്ഷനുകൾ എന്നിവയെല്ലാം യഥാർത്ഥ പുരോഗമനത്തെ പ്രതിഫലിപ്പിക്കുന്നു.

എന്നാൽ സമ്പദ്‌വ്യവസ്ഥയുടെ ഒരു പകുതിയുടെ വളർച്ചകൊണ്ട് മറുപാതിയുടെ സ്തംഭനാവസ്ഥ മറച്ചുവെയ്ക്കാനാകില്ല.

മെച്ചപ്പെട്ട അളവുകളുടെയും മികച്ച ഡാറ്റ, അസംഘടിത മേഖലയിലേക്കുള്ള കൂടുതൽ വ്യക്തമായ കാഴ്ചപ്പാടിനെയും ആശ്രയിച്ചാണ് ഇന്ത്യയുടെ ഭാവിയിരിക്കുന്നത്. അതുവരെ ഔദ്യോഗിക ജിഡിപി സംഖ്യകൾ യാഥാർത്ഥ്യം ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ ശുഭാപ്തി വിശ്വാസമുള്ള ഒരു ചിത്രം വരച്ചിടുന്നത് തുടരും.

ഞാൻ സാധാരണ പറയാറുള്ളതുപോലെ, പോസിറ്റീവായി ചിന്തിക്കുക- പക്ഷേ പ്രതീക്ഷയുടെ അടിസ്ഥാനത്തിലല്ലാതെ യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ പോസിറ്റീവായി ചിന്തിക്കണമെന്ന് മാത്രം. ■

